(ബി&സി) ഒരു നിശ്ചിത തീയതിൽ മേൽപ്പറഞ്ഞ ഓരോ സ്റ്റോറിലും എന്തെല്ലാം സാധനങ്ങൾ സ്റ്റോക്കുണ്ടെന്ന് പരസ്പരം ടെലിഫോണിലൂടെ ബന്ധപ്പെട്ട് മാത്രമേ ഇപ്പോൾ അറിയുവാൻ മാർഗ്ഗമുള്ളൂ.

(ഡി) തടസ്സമില്ല.

വെളിച്ചത്തിനുവേണ്ടി ഉപയോഗിക്കുന്ന വൈദ്യുതി

106 (3906) ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര വസതികളിൽ വൈദ്യുതി വെളിച്ചത്തിനുവേണ്ടി ഉപയോഗിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇത് ആകെയുള്ള ഉപയോഗത്തിന്റെ എത്ര ശതമാനം വരും എന്ന് വ്യക്തമാക്കുമോ ;

(സി) വെളിച്ചത്തിനുള്ള ഉപാധിയായി വൈദ്യുതി നൽകുന്നതിന് എന്തെല്ലാം പദ്ധതികളുണ്ടെന്ന് വിശദീകരിക്കുമോ ;

(ഡി) എത്ര കാലത്തിനുള്ളിൽ എല്ലാ കൺസ്യൂമർമാർക്കും വൈദ്യുതി നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 52,46,025 ഗാർഹിക കണക്ഷനുകൾ ഉണ്ട്.

(ബി) ആകെ ഉപഭോക്താളുടെ 78% ഗാർഹികകണക്ഷനുകൾ, ആകെ ഉപ ഭോഗത്തിന്റെ 42% വൈദ്യുതി ഉപയോഗിക്കുന്നു.

(സി) നോർമൽ കാറ്റഗറി, ഒ.വൈ.ഇ. ജി., ബി.പി.എൽ./കുടിൽജ്യോതി/ ജീവജ്യോതി/ഒ.ടി.പി., പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള പ്രത്യേക പദ്ധതി എന്നീ പദ്ധതികളുണ്ട്.

(ഡി) വൈദ്യുതി കണക്ഷന് വേണ്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് കാലാകാലങ്ങളിൽ ലക്ഷ്യമിടുന്നതനുസരിച്ച് കണക്ഷൻ നൽകുന്നതാണ്.

സംസ്ഥാനത്ത് വൈദ്യുതി എത്തിയിട്ടില്ലാത്ത പ്രദേശങ്ങൾ

107 (3907) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗാർഹിക മേഖലയിലുള്ള ഏതെങ്കിലും വിഭാഗം ഉപയോക്താക്കൾക്ക് സൗജന്യവൈദ്യുതി നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ ഏത് വിഭാഗത്തിനാണെന്നും, ഇതിന്റെ മാനദണ്ഡമെന്താണെന്നും പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുൻപ് ഏതെങ്കിലും വിഭാഗത്തിന് ഗാർഹിക രംഗത്ത് സൗജന്യ വൈദ്യുതി കണക്ഷൻ, ചാർജ് ഈടാക്കാനുള്ള വൈദ്യുതി എന്നിവ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ഇനിയും വൈദ്യുതി എത്തിയിട്ടില്ലാത്ത പ്രദേശങ്ങൾ എവിടെയെല്ലാമാണെന്നതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം നൽകാമോ ;

(ഡി) ഈ പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കാൻ എന്തൊക്കെ പദ്ധതികളാണ് ഇപ്പോൾ നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 500 വാട്ട്സിൽ താഴെ കണക്ഷന് ലോഡും പ്രതിമാസം 20 യൂണിറ്റോ അതിൽ താഴെയോ വൈദ്യുതി ഉപയോഗിക്കുന്നവരുമായ ഗാർഹിക ഉപഭോക്താക്കളെ നോൺ പേയ്മെന്റ് ഗ്രൂപ്പിൽപ്പെടുത്തി സൗജന്യ വൈദ്യുതി നൽകുന്നു.

(ബി) 500 വാട്ട്സിൽ താഴെ കണക്ഷന് ലോഡുള്ള പോസ്റ്റ് ആവശ്യമില്ലാത്തെ ദാരിദ്രരേഖയ്ക്ക് താഴെയുള്ള അപേക്ഷകർക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്നു.

(സി) വൈദ്യുതിക്കായി അപേക്ഷിച്ചിട്ടുള്ളതും എന്നാൽ വൈദ്യുതി എത്തിയിട്ടില്ലാത്തതുമായ പ്രദേശങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) വൈദ്യുതിക്കായി അപേക്ഷിക്കുകയും 31-3-1997 വരെ മിനിമം ഗ്യാരണ്ടി എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുള്ള പ്രദേശങ്ങളിലേയ്ക്കും, വൈദ്യുതീകരണത്തിനായി പി.പി.എസ്. സ്കീമിൽ പണമടച്ചിട്ടുള്ള പ്രദേശങ്ങളിലേയ്ക്കും, വൈദ്യുതി എത്തിക്കുന്നതിനുള്ള ജോലികൾ ഇപ്പോൾ മുൻഗണനാക്രമമനുസരിച്ച് നടന്നുവരുന്നു.

വൈദ്യുതോല്പ്പാദനം, പ്രസരണം, വിതരണം എന്നിവ മെച്ചപ്പെടുത്താൻ നടപടി

108 (3908) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതോല്പ്പാദനം, പ്രസരണം, വിതരണം എന്നിവ മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് ഇതിനകം സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly